ശ്രീ. ഇ. പി. ഗോപാലൻ : എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 1963–64–ലെ രണ്ടാം റിപ്പോർട്ടിൽ 73–ാം പേജിൽ അതു ശരിയായി എഴുതിയിട്ടുണ്ട്.

ശ്രീ. ആർ ശങ്കർ : അങ്ങനെ വ്യക്തമായി വിവരം കിട്ടിയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്താമെന്നുള്ളതിനു സംശയമില്ല.

ഞാൻ പൊതുവിൽ മാത്രമേ പറയുന്നുള്ളൂ. പ്രധാനമായിട്ടു ആക്ഷേപങ്ങളുണ്ടായിട്ടുള്ള കാര്യങ്ങളെപ്പറ്റി അന്വേഷിക്കുകയും അങ്ങനെ ആക്ഷേപങ്ങൾ ഉണ്ടാകുന്നതിനുള്ള സാഹചര്യം ഉണ്ടാകാതിരിക്കാൻ സൂക്ഷിക്കുകയും ചെയ്യാം.

ഉദ്യോഗങ്ങളെ സംബന്ധിച്ചു ചില പരാതികളൊക്കെയുണ്ട്. നിയമനങ്ങളെ സംബന്ധിച്ചിടത്തോളം അതു പബ്ലിക്ക് സർവ്വീസു കമ്മീഷനു വിട്ടുകൊടുക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. അതു സംബന്ധിച്ചു ഒരു ബിൽ അവതരിപ്പിച്ചു. അതു സംബന്ധിച്ചുള്ള നടപടികളും എടുത്തുവരുന്നുണ്ട്. അതിനിടയ്ക്കു ആവശ്യമായ ജോലികൾക്കുവേണ്ടി ബോർഡുതന്നെ റൂൾസ് അനുസരിച്ചു ഗവണ്മെന്റിന്റെ അനുമതിയോടുകൂടി നിയമനം നടത്തിവരുകയാണു്.

പിന്നെ, പെൻഷൻപറ്റി പിരിയാനുള്ള ഒരാളേയും വേറെ ഒരാളേയും കൂടി കൃഷിനഡയിൽ പരിശീലനത്തിനു അയച്ചു എന്നു പറഞ്ഞു അങ്ങനെ പരിശീലനത്തിനു അയച്ചിട്ടില്ല. അവരെ പരിശീലനത്തിനു അയച്ചതല്ല. അവിടെ പോയി ഡിസൈനും പ്ലാനുമൊക്കെ ഉണ്ടാക്കുന്നതു കണ്ടു മനസ്സിലാക്കിക്കൊണ്ടുവരാൻവേണ്ടി അയച്ചതാണു്. അതുകൊണ്ടു് പരിശീലനത്തിനായിട്ടു പോയതല്ലാ എന്നാണു് ഞാൻ അറിയുന്നതു്.

പിന്നെ പല ആക്ഷേപങ്ങളും ബഹുമാനപ്പെട്ട മെമ്പറന്മാർ ഉന്നയിക്കയുണ്ടായി. അതു് ഓരോന്നായി എടുത്തു പറയാൻ തുടങ്ങുന്നില്ല. കുറ്റാടി പദ്ധതി പ്രയോഗത്തിൽ കൊണ്ടുവരാൻ ഗവണ്മെന്റു് നിഷ്കർഷയോടുകൂടി പ്രവർത്തിക്കുന്നതാണു്. കാരണം അവിടെ വേറെ പദ്ധതികളില്ല. ആ പദ്ധതി പ്രയോഗത്തിൽ വന്നാൽ അതിൽനിന്നും ലഭിക്കാവുന്ന വിദ്യുച്ഛക്തിയുടെ അളവു ചെറുതാണെങ്കിലും ഏറ്റവും വേഗത്തിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിക്കുന്നതാണു്.

ഈ ബോർഡിന്റെ പ്രവർത്തനത്തിൽ വളരെ ഏറെ കാര്യക്ഷമതാരാഹിത്യം ഉണ്ടെന്നുള്ളതും മറ്റു പല കാര്യങ്ങളും ഇവിടെ പറഞ്ഞിട്ടുള്ളതെല്ലാത്തിനേക്കുറിച്ചും ബോർഡിന്റെ ശ്രദ്ധ ക്ഷണിക്കുന്നതാണു്. പൊതുവിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച കാര്യങ്ങളെല്ലാം ഗവണ്മെന്റു് ശ്രദ്ധാപൂർവ്വം നോക്കുന്നതും അന്വേഷിക്കുന്നതുമാണു്.

HALF AN HOUR DISCUSSION UNDER RULE 48

Committee for solving unemployment.

ശ്രീമതി കെ. ആർ. ഗൗരി : സർ, തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി സംഘടിപ്പിച്ച കമ്മിറ്റികളെ സംബന്ധിച്ചു 1964 ഫെബ്രുവരി 24–ാം തീയതിയിലെ 1620–ാം നമ്പർ ചോദ്യത്തിനു മന്ത്രി മറുപടി നൽകിയതു് ഇങ്ങനെയാണു്. ഒന്നു്, കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്കായുള്ള കമ്മിറ്റിയുടെ അവസാന റിപ്പോർട്ടു് ഇതുവരെയും മുഴുവനാക്കാൻ സാധിച്ചിട്ടില്ല കമ്മിറ്റിയുടെ ഒന്നാമത്തെ മീറ്റിംഗ് കൂടിയപ്പോൾ അതിലെ ഒരു മെമ്പറായ ശ്രീ. ടി. വി. തോമസ് കമ്മിറ്റിയുടെ പര്യാലോചനയ്ക്കായി അയച്ചുകൊടുക്കാമെന്നേറ്റിരുന്ന സെൻട്രൽ എക്സ് പോർട്ടു് ഏജൻസിക്കുള്ള ഒരു സ്കീം ഇതുവരെയും കിട്ടാതിരുന്നതിനാൽ കമ്മിറ്റിക്കു പിന്നീടു് മീറ്റിംഗ് കൂടാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

രണ്ടു്, ആലപ്പുഴ തീരപ്രദേശങ്ങളിൽ പുതിയ വ്യവസായങ്ങൾക്കുള്ള സാദ്ധ്യതകൾ ആരായുന്നതിനുള്ള കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 12 അംഗങ്ങളുള്ള ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടു്. ഈ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കിട്ടുമ്പോൾ അവ നടപ്പിലാക്കുവാൻ ഗവണ്മെന്റു് നടപടികൾ എടുക്കുന്നതാണു്.

മൂന്നു്, റിലീഫു് വർക്കിനുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനു് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ഈ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടനുസരിച്ചു് ഏകദേശം 5,000 തൊഴിലില്ലാത്ത കയർ തൊഴിലാളികളുടെ കുടുംബങ്ങൾക്കു് 1962–ലെ ഓണംവാരത്തിൽ ഒരിടങ്ങഴി അരി വീതം വില വാങ്ങാതെ കൊടുത്തിട്ടുണ്ടു്.

സർ, ഇതാണു് ഈ പ്രശ്നത്തെ സംബന്ധിച്ചു് ഗവണ്മെൻറിൽനിന്നും കിട്ടിയിട്ടുള്ള മറുപടി. സർ, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ പ്രധാന വ്യവസായം കയർ വ്യവസായമാണു്. ആലപ്പുഴമാത്രം കേന്ദ്രീകരിച്ചു നോക്കിയാൽ, അവിടെ കയർ ഫാക്ടറികളിലെ ജോലിക്കാർ,—ആയിരം മിൽ തൊഴിലാളികളും— മലഞ്ചരക്കു വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും, പോർട്ടു തൊഴിലാളികളും ഇവരാണു് അധികമുള്ളതെന്നു കാണാം.

അതുപോലെ ചേർത്തല താലൂക്കിനെപ്പറ്റി പ്രത്യേകമായി പറയുകയാണെങ്കിൽ, ആയിരം മില്ലുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളും ഉണ്ടെങ്കിലും, കയർ പിരിയാണു് പ്രധാന തൊഴിൽ. കയർവ്യവസായരംഗത്തും, ആയിരം മിൽ വ്യവസായരംഗത്തും എന്നുമാത്രമല്ല, ഈ താലൂക്കുകളിലെ എല്ലാ വ്യവസായരംഗത്തും ഈ കാലഘട്ടത്തിൽ വന്നിട്ടുള്ള വ്യവസായത്തകർച്ചയുടെ ഫലമായി വളരെ അധികം തൊഴിലാളികൾക്കു് തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടു്. ഈ വ്യവസായത്തകർച്ചയുടെ ഫലമായി ഉണ്ടായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് അടിയന്തിരവും ദീർഘവുമായ ആശ്വാസ നടപടികൾ ഗവണ്മെൻറു് എടുക്കണമെന്നു കാണിച്ചു് ഈ താലൂക്കുകളിലെ നാലു കയർ തൊഴിലാളി സംഘടനകൾ അതായതു്, തിരുവിതാംകൂർ കയർ ഫാക്ടറിവർക്കേഴ്സു് യൂണിയൻ, ചേർത്തല കയർ ഫാക്ടറി വർക്കേഴ്സു് യൂണിയൻ, മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സു് യൂണിയൻ, അരൂർ കയർ ഫാക്ടറി വർക്കേഴ്സു് യൂണിയൻ എന്നിങ്ങനെ നാലു തൊഴിലാളി സംഘടനകളും ചേർന്നു 1961–ൽ കയർ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനു നിർദ്ദേശങ്ങൾ വച്ചുകൊണ്ടു് ഗവണ്മെൻറിലേക്കു് ഒരു മെമ്മോറാണ്ടം നൽകുകയുണ്ടായി. മെമ്മോറാണ്ടത്തിൽ, ഇതുപോലെ 1953–ലും, 1955–ലും കൊടുത്തുകഴിഞ്ഞതിനുശേഷമാണു് 1961–ൽ കൊടുത്തതു്. മെമ്മോറാണ്ടം കൊടുത്തതിനുശേഷം, തൊഴിലാളികളുടെ ആവശ്യങ്ങൾ സാധിക്കുവാൻ ഈ സംഘടനകളുടെ കീഴിൽ ഒരു തൊഴിലില്ലായ്മ പ്രചരണ ജാഥ സെക്രട്ടേറിയേറ്റിന്റെ മുമ്പിലേക്കു മാർച്ചു ചെയ്യുകയും, കളക്ടറേറ്റുകളിൽ പിക്കറ്റിംഗ് വരെ നടത്തുകയും ചെയ്തതിനു ശേഷമാണു് ഗവണ്മെൻറു് ഇതിന്റെയെല്ലാം ഫലമായിട്ടു് ഈ പറഞ്ഞ കമ്മിറ്റികൾ സംഘടിപ്പിച്ചതു്. ആലപ്പുഴയിൽ ഈ വ്യവസായത്തകർച്ച വന്നതോടുകൂടി ഈ അടുത്ത രണ്ടു മൂന്നു കൊല്ലങ്ങളിൽ തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടു്. വി. എൽ. കമ്പനി ഹെഡ്ഡാഫീസിൽ ആയിരത്തിയഞ്ഞൂറു തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരുന്നതിൽ 1500 തൊഴിലാളികളേയും പിരിച്ചുവിട്ടു. സർ, അതുപോലെ ഓരോ കമ്പനിയിലുണ്ടായിരുന്ന തൊഴിലാളികളുടേയും അവരിൽ പിരിച്ചുവിടപ്പെട്ടവരുടേയും കണക്കുകൾ ഞാൻ വായിക്കാം. വി. എൽ. കമ്പനിയിൽ ആകെ 1500 തൊഴിലാളികൾ ഉണ്ടായിരുന്നതിൽ 1500 പേരെയും പിരിച്ചുവിട്ടു. അതുപോലെ പോഡ്ഡാട്ടു കമ്പനിയിൽ 300 തൊഴിലാളികൾ ഉണ്ടായിരുന്നതിൽ 300 പേരെയും പിരിച്ചുവിട്ടു. കെ. എസ്സു്. ഗംഗാധരയ്യർ കമ്പനിയിൽ 300 തൊഴിലാളികൾ ഉണ്ടായിരുന്നതിൽ 300 പേരെയും പിരിച്ചുവിട്ടു. ഇസ്റ്റേൺ പ്രൊഡ്യൂസു് കമ്പനിയിൽ 200 പേരിൽ 200 പേരെയും പിരിച്ചുവിട്ടു. എസ്സു്. പിച്ചു അയ്യർ ആൻഡു് കമ്പനിയിൽ 200 പേരിൽ 200 പേരെയും പിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിട്ട. ഓറിയൻറൽ കയർ മാർക്കെറ്റിംഗ് മാന്വഫാക്ചറിംഗ് കമ്പനിയിൽ 300 തൊഴിലാളികളിൽ 288 പേരെയും പിരിച്ചുവിട്ട. പി. ഒ. വക്കൻ ആൻഡ് കമ്പനിയിൽ 800 പേരുണ്ടായിരുന്നതിൽ 600 പേരെ പിരിച്ചുവിട്ട. ഇ. ബൗട്ട കമ്പനിയിൽ 100 പേരിൽ 100 പേരെയും പിരിച്ചുവിട്ട. എസയർ കമ്പനിയിൽ 400 പേരിൽ 300 പേരെ പിരിച്ചു വിട്ട. ഡോറാസ് മെയിൽ കമ്പനിയിൽ 1000—ൽ 800 തൊഴിലാളികളെ പിരിച്ചു വിട്ട. ഗ്ലഡ്സ്റ്റർ ബ്രാഞ്ചുകമ്പനിയിൽ 180—ൽ 180 പേരെയും പിരിച്ചു വിട്ട. ആസ്പിൻവാൾ കമ്പനിയിൽ 300 പേരിൽ 300 പേരെയും പിരിച്ചുവിട്ട. കെ. സി. എം. സി. കമ്പനിയിൽ 200 പേർ ഉണ്ടായിരുന്നതിൽ 200 പേരെയും പിരിച്ചുവിട്ട. മധുര കമ്പനിയിൽ 200 പേരിൽ 200 പേരെയും പിരിച്ചു വിട്ട. ഇങ്ങനെ ഏകദേശം 5980 ഓളം തൊഴിലാളികളെ ഈ രണ്ടു കൊല്ലത്തിനകം ആലപ്പുഴയിൽനിന്നുമാത്രം പിരിച്ചു വിടുകയുണ്ടായി. ഈ പിരിച്ചുവിടൽ കണക്ക് വലിയ കമ്പനികളിലേതുമാത്രമാണ്. ചെറിയ കമ്പനികളിലും പിരിച്ചു വിടൽ നടന്നിട്ടുണ്ട്. കണക്കുകളില്ല. അതുപോലെ ചേർത്തലയിലെ വലിയ ഫാക്ടറികളിൽ നിന്നും പിരിച്ചു വിട്ടിട്ടുണ്ട്. ചേർത്തലയിൽ ഉള്ള പൂട്ടിയിടുകയും പിരിച്ചു വിടുകയും ചെയ്ത ചില ഫാക്ടറികളുടെ പേരു് ഞാൻ വായിച്ചു. കൊക്കൊ കാർപ്പെറ്റിംഗ് കമ്പനിയിൽ നിന്നും ദാസൻ കമ്പനി, പൊന്നാം വെളിയിലുള്ള ഒരു വലിയ ഫാക്ടറിയിൽനിന്നും ഡോറാസ് മെയിൽ കമ്പനി, തണ്ണീർമുക്കത്തുള്ള Commercial emporium തുടങ്ങിയ എല്ലാ വലിയ ഫാക്ടറികളും അടച്ചു പൂട്ടിക്കഴിഞ്ഞിരുന്നു. 1946—47—ൽ സുമാർ 50000 തൊഴിലാളികളും ജോലി ചെയ്തുകൊണ്ടിരുന്ന കയർ വ്യവസായ മേഖല 1963—64—ൽ 10000 ആയി കുറഞ്ഞു. ഇപ്പോഴും 10000 പേർ മാത്രമേ ജോലിചെയ്തുകൊണ്ടിരിക്കുന്നുള്ളു. കയർ വ്യവസായത്തകർച്ചയെപ്പറ്റി മാത്രം ഞാൻ പറയുകയാണു്. അങ്ങനെ വ്യവസായത്തകർച്ച ഉണ്ടായ കാലം മുതൽ ഇന്നുവരെ ഈ തൊഴിലിൽ ഏർപ്പെട്ടിരുന്ന വളരെ കൂടുതൽ തൊഴിലാളികളും സംഘടിതമായി വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനും ഈ പ്രദേശങ്ങളിൽ എങ്കിലും പുതിയ വ്യവസായങ്ങളും ആരംഭിക്കുന്നതിനുമായി ആവശ്യപ്പെട്ടിട്ടും ഇത്രയും കാലമായിട്ടും ഗവണ്മെൻറു് യാതൊരു നടപടിയും നടത്തിയിട്ടില്ല എന്നു മാത്രമല്ല, ഈ വിഭാഗക്കാരോടു പകയോടുകൂടിയുമാണു് പെരുമാറുന്നതു്.

അതോടുകൂടിതന്നെ ഇന്നീ വ്യവസായങ്ങളുംസംബന്ധിച്ചു ചില പ്രത്യേകതകളും സംഭവിച്ചിട്ടുണ്ടു്. കയർബോർഡു സംഘടിപ്പിച്ചു കയർ ഇൻഡസ്ട്രീസു് ആക്ടു നടപ്പിൽ വന്നതിനുശേഷം ഉള്ള വലിയ ഫാക്ടറികളും തന്നെ അടച്ചു പൂട്ടുകയും തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തു. എന്നാൽ തൊഴിലാളികളെ പിരിച്ചുവിട്ടതിനുശേഷവും ഈ ഫാക്ടറി ഉടമകളും ഇന്നും വ്യവസായരംഗത്തു തുടർന്നുപോരികയാണു്. ഈ വലിയ കമ്പനികളെല്ലാം അടച്ചുപൂട്ടിട്ടെങ്കിൽപോലും ഒരൊറ്റകമ്പനിപോലും അവരുടെവ്യവസായം തുടർന്നു നടത്താതിരിക്കുന്നില്ല, എല്ലാ കമ്പനികളിലും അവരുടെ വ്യവസായം ഇന്നും നടക്കുന്നുണ്ടെന്നുള്ളതാണു് പരമാർത്ഥം. ഇന്നു് ആയിരക്കണക്കിനും രണ്ടായിരക്കണക്കിനും തൊഴിലാളികൾക്കു് ജോലി കൊടുത്തുകൊണ്ടിരിക്കുന്ന ഫാക്ടറികളിൽ അവ പൂട്ടിയതിനുശേഷം ഈ കമ്പനിഉടമകൾതന്നെ ടൈപ്പുറൈറ്റും മൂന്നോനാലോക്കുക്കന്മാരെയും മാത്രം വച്ചുകൊണ്ടു് മുൻപു കിട്ടികൊണ്ടിരുന്ന ആർഡർ വാങ്ങി അതു പുറത്തേക്കു ചെറിയ ഫാക്ടറി ഉടമകൾക്കു് കൊടുത്തു ചെയ്യിച്ചു് സാധനങ്ങൾ വാങ്ങി പഴയതുപോലെ കയറ്റി അയച്ചുകൊണ്ടിരിക്കുകയാണു്. ഈ മുതലാളിമാർ പ്രൊഡക്ഷൻ രംഗത്തു നിന്നുമാറി ഓർഡർ കുറഞ്ഞവിലയ്ക്കു ചെയ്യുന്ന ചെറിയ മുതലാളിമാക്കു് വിറ്റു് പഴയ കാലത്തേക്കാളും കൂടുതൽ ലാഭമുണ്ടാക്കുന്നു. അതേസമയം തൊഴിലാളിസമരം കൊണ്ടു നേടിയെടുത്ത ആനുകൂല്യങ്ങളും വ്യവസായത്തകർച്ച മൂലവും കടിൽവ്യവസായമായി മാറുന്നതുമൂലവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ചെറിയ ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കു് അലവൻസു് ഇല്ലാ, ബോണസു് ഇല്ലാ, സമയക്രമീകൃതയില്ലാ. ചിലപ്പോൾ 24 മണിക്കൂർ ജോലിചെയ്യേണ്ടിവരും. ഈ വ്യവസായത്തകർച്ചയുടെ പേരിൽ മുതലാളിക്കു് കൂടുതൽ ലാഭമുണ്ടാക്കുന്ന നടപടികളും ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഗവണ്മെൻറും ഇൻഡ്യാഗവണ്മെൻറും തുടങ്ങുകയാണു്. തൊഴിലാളികൾ വളരെക്കാലമായി ആവശ്യപ്പെടുന്നതാണു് കയർ വ്യവസായത്തിൽ പ്രൊഡക്ഷനുമായി ബന്ധപ്പെട്ടിട്ടുള്ള വ്യവസായികൾക്കു മാത്രമേ എക്സ്പോർട്ട് ലൈസൻസുകൊടുക്കാവൂ എന്നു്. ഇതു കയർബോഡും അംഗീകരിച്ചിട്ടില്ല, കേന്ദ്രഗവണ്മെൻറും അംഗീകരിച്ചിട്ടില്ല, ഈ ഗവണ്മെൻറും അംഗീകരിച്ചിട്ടില്ല, കഴിഞ്ഞ ദിവസം ശ്രീ. ദാമോദരമേനോനോടു ഞാൻ ചോദിച്ചു, പ്രൊഡക്ഷനുമായി ബന്ധമില്ലാത്ത വ്യക്തികൾക്കു് എക്സ്പോർട്ട് ലൈസൻസു കൊടുക്കരുതെന്നു് ഈ ഗവണ്മെൻറു് കയർബോഡിനോടു ശുപാർശ ചെയ്യുമോഎന്നു്. ഗവണ്മെൻറിനു് അതിൻെറ ആവശ്യമില്ല എന്നായിരുന്നു മറുപടി. 50,000 തൊഴിലാളികൾഉണ്ടായിരുന്നവ്യവസായത്തിൽ തൊഴിലാളികൾ 10,000 ആയി. ഉള്ളവർക്കു Standardised wage ഇല്ല, മറ്റാനുകൂല്യങ്ങൾ ഇല്ലാ. എന്നാലും മുതലാളിയുടെ ലാഭം കുറയുന്നതിനു് സോഷ്യലിസം സ്ഥാപിക്കാൻ പോകുന്നു എന്നു പറയുന്ന ഗവണ്മെൻറിനു് സമ്മതമില്ല എന്നതന്നെയല്ല, വേണ്ടതെല്ലാം അവർക്കു ചെയ്തുകൊടുക്കുന്നു. തൊഴിലാളികൾക്കു സമയക്രിമ്പതയില്ലാതെ ചിലപ്പോൾ 24 മണിക്കൂർ ജോലിചെയ്യണം. ഈ തൊഴിലാളികളെ സംബന്ധിച്ചു് എടുക്കേണ്ടതായിട്ടുള്ള നിലപാടിനെ കുറിച്ചു് ഇന്നും ഗവണ്മെൻറിനു സംശയമാണു്. ഈ വ്യവസായം പുനരുദ്ധരിക്കുന്നതിനുള്ള ഒരു നടപടി കോവാപ്പറേറ്റീവു് അടിസ്ഥാനത്തിൽ വ്യവസായം പുനഃസംഘടിപ്പിക്കുകയാണു്. ഈ ഗവണ്മെൻറു ആ നടപടി അംഗീകരിക്കുന്നു എങ്കിലും ഫലപ്രദമായി സംഘങ്ങൾ ഉണ്ടാകുന്നില്ല. പിരിച്ചുവിടുന്ന ഫാക്ടറി ആ ഉടമയുടെ ഗ്രൂപ്പിൽ വാങ്ങി ആ തൊഴിലാളികളെ ചേർത്തു സഹകരണ സംഘങ്ങളാക്കിയാൽ ഓർഡർ കിട്ടാനും ജോലി നടത്താനും സൗകര്യമായിരിക്കും. ഞങ്ങളുടെ മന്ത്രിസഭ അധികാരത്തിലിരുന്നകാലത്തു് ഏതാനും കയർ ഫാക്ടറി സഹകരണസംഘങ്ങൾ രൂപീകരിച്ചിരുന്നു. ആ ഫാക്ടറികളുടെയെല്ലാം ഗ്രൂപ്പിൽ കൂടി വാങ്ങാൻ ഗവണ്മെൻറു സമ്മതം കൊടുക്കുകയുണ്ടായി. അന്നു് തൊഴിലാളികളെ മാത്രം ചേർത്തുകൊണ്ടാണു് സഹകരണ സംഘങ്ങൾ സംഘടിപ്പിച്ചിട്ടുള്ളതു്. മറ്റുള്ളവരെ അതിൽ അംഗങ്ങളായി ചേർത്തിട്ടുള്ളതു് 5 ശതമാനത്തിനു താഴെയാണു്. അന്നു് അതിൽ തൊഴിലാളികൾക്കു സ്ഥിരമായി ജോലി ലഭിക്കുന്നുണ്ടായിരുന്നു. എന്നാൽ ഈ ഗവണ്മെൻറു വന്നതിനുശേഷം, രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടു് ആ സൊസൈറ്റിയുടെ കമ്മിറ്റി, കോൺഗ്രസ്കാർക്കു ഭൂരിപക്ഷംഉണ്ടാക്കി പുനഃസംഘടിപ്പിച്ചു. ഫാക്ടറി നടക്കാതെ വന്നപ്പോൾ പഴയ മാനേജിംഗ് ഡയറക്ടരെ മാനേജരായി നോമിനേറ്റു ചെയ്തിരിക്കുകയാണു്. പുതിയ കയർ വ്യവസായങ്ങൾക്കു് എത്രയോ ലക്ഷം രൂപാ ലോൺ അനുവദിച്ചതായി ശ്രീ. സുഗതൻ കൊടുത്തിട്ടുള്ള ഒരു മറുപടിയിൽ പറഞ്ഞിട്ടുണ്ടു്. എന്നിരുന്നാലും തൊഴിലാളിക്കു് പുതിയ സൊസൈറ്റികളിൽ ജോലിയില്ല, ഗവണ്മെൻറിൽ നിന്നും ലോൺ വാങ്ങിച്ചു് മറ്റു വ്യവസായങ്ങൾ നടത്തുന്നുണ്ടു്.

അതുപോലെതന്നെ ഓയിൽ വ്യവസായവും ചേർത്തലയിലും, ആലപ്പുഴയിലും തകൃച്ചയിലാണു്. ഇൻഡ്യാഗവണ്മെൻറിൻെറ ചില പുതിയ ടാക്സേഷൻ കാരണം വ്യവസായം രണ്ടും മൂന്നും ചക്കകളായി മാറി. അതുപോലെതന്നെ മലഞ്ചരക്കുവ്യാപാരവും അതിനോടനുബന്ധിച്ചു തൊഴിലും ഇല്ലാതായിരിക്കുകയാണു്. കൊല്ലം, എറണാകുളം റെയിൽവേ വന്നതോടുകൂടി സാധനങ്ങൾ നേരിട്ടു കൊച്ചിയിലേക്കു് കയറുന്നതു കൂടുതൽ ലാഭകരമായതിനാൽ കയറിറക്കും, വ്യാപാരവും മിക്കവാറും ആലപ്പുഴനിന്നു കൊച്ചിയിലേക്കു മാറിക്കഴിഞ്ഞു. കൂടുതൽ ലാഭകരമായി വ്യാവസായം നടത്തുന്നതിനുള്ള സൗകര്യങ്ങൾ വ്യവസായികൾ നോക്കുകയാണു്. ആലപ്പുഴ പോർട്ടു് പുനരുദ്ധരിക്കുന്നതിനെ സംബന്ധിച്ചു ഞാൻ പറയുന്നില്ല. കൊച്ചി തുറമുഖത്തുനിന്നും കയറുമതി സൗകര്യം ധാരാളമായി ഉള്ളതുകൊണ്ടു് ലാഭം കരുതി കയറുമതി അങ്ങോട്ടു മാറും. മലഞ്ചരക്കു വ്യാപാരികളെ നിർബന്ധിച്ചാൽകൂടി അവർ അങ്ങനെ അയച്ചു എന്നുവരും. ആലപ്പുഴ പോർട്ടിൽ 1200 തൊഴിലാളികൾ ജോലിചെയ്തുകൊണ്ടിരുന്നു; ഇപ്പോൾ മുന്നൂറിൽ താഴെയാണു് ജോലിചെയ്യുന്നതു്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇത്രയും പറഞ്ഞതു് തൊഴിലില്ലായ്മ ഇത്രയും ക്രൂരമായിട്ടാണു് ചേർത്തലയും ആലപ്പുഴയും ഉള്ളതു് എന്നു വിശദീകരിക്കാനാണു്. ആ സ്ഥലത്തു് ഇത്രയും ക്രൂരമായ തൊഴിലില്ലായ്മ ഉണ്ടായതിന്റെ ഫലമായി ആ നാട്ടിലെ സംഘടിത തൊഴിലാളികളും സമരം നടത്തിയതിനുശേഷം ആ പ്രശ്നത്തെ സംബന്ധിച്ചു ഒരു പരിഹാരം കാണുന്നതിനുവേണ്ടിയാണു് അന്നു് അങ്ങനെ ചില കമ്മിറ്റികളും സംഘടിപ്പിച്ചതു്. അതിന്റെ പ്രവർത്തനം കാര്യക്ഷമമായി എത്രയും വേഗത്തിൽ നടത്തി ഒരു റിപ്പോർട്ടു വരുത്തി അതനുസരിച്ചുള്ള നടപടികളും എടുക്കുന്നതിനു പകരം ടി. വി. തോമസ് ഒരു എക്സ്പോർട്ടു സ്റ്റീം കൊടുക്കാം എന്നു പറഞ്ഞുകൊണ്ടു് അതു കിട്ടാൻ 2 കൊല്ലത്തിനുമുകളിലായി കാത്തിരിക്കുകയാണു് എന്നു പറഞ്ഞാൽ, അതു അപഹാസ്യമാണു സർ. ആക്ഷേപാർഹമാണു്. അങ്ങനെ ഏതെങ്കിലും കാര്യം ചെയ്യാം എന്നു പറഞ്ഞ കരാറുകാരൻ ജയിലിൽ പോയാൽപിന്നെ ഈ കമ്മിറ്റിയുടെ പ്രവർത്തനം നടത്താൻ കഴിഞ്ഞില്ല എന്നു പറഞ്ഞാൽ ഗവണ്മെന്റിന്റെ ചുമതല ഈ മന്ത്രിക്കറിക യില്ല എന്നു ഞാൻ പറയും. പുതിയതായി ഈ പ്രദേശത്തു് വ്യവസായങ്ങളും ആരംഭിക്കുന്നതിനു വ്യവസായികളും മുന്നോട്ടുവരാൻ ആശങ്ക പ്രകടിപ്പിക്കുന്നു എന്നു ഇവിടെ ചിലർ സംസാരിക്കുന്നതായി കേട്ടു. കാരണം, തൊഴിലാളികളും കൂലി ചോദിക്കുന്നുപോലും. ഞാൻ ജയിലിൽ കിടന്നകാലത്തു്, പുറത്തിറങ്ങിയാൽ, ചേർത്തലയിൽ പോകാൻപോലും ഒക്കാത്തവിധത്തിൽ വ്യവസായങ്ങളും രാജ്യത്തു നിറയുന്ന മട്ടിൽ ഗവർണ്ണരുടെ പ്രസംഗം വായിച്ചറിഞ്ഞു. പക്ഷേ, വ്യവസായം എവിടെ ? ഈ കാലഘട്ടത്തിൽ പതിനായിരക്കണക്കിനു ജോലി നഷ്ടപ്പെട്ട നാട്ടിൽ 1000 പേർക്കു് തൊഴിൽ സൗകര്യം കൊടുക്കുന്നതിനു ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ല. പുതിയ വ്യവസായങ്ങളും വരാത്തതു് തൊഴിലാളികളും കൂലി ചോദിക്കുന്നതുകൊണ്ടാണു് എന്നു് ശ്രീമതി നഫീസത്തു് ബീവി പ്രസംഗിക്കുന്നതു കേട്ടു. സോഷ്യലിസം ലക്ഷ്യമെന്നു പ്രഖ്യാപിച്ച ഒരു പാർട്ടി! തൊഴിലാളി കൂലി ചോദിച്ചതു കൊണ്ടു് വ്യവസായം വന്നില്ലപോലും— നിങ്ങളുടെ സോഷ്യലിസം ! ആവശ്യമായ കൂലി വേണമെന്നു ചോദിച്ചാൽ അതു കൊടുക്കാതിരുന്നാൽ ഈ രാജ്യത്തു വ്യവസായങ്ങളും വർദ്ധിപ്പിക്കാൻ സാധിക്കുമോ ? എന്തുകൊണ്ടു് ഈ വ്യവസായങ്ങളൊന്നും ആലപ്പുഴ, ചേർത്തല താലൂക്കുകളിൽ വന്നില്ല. അവിടെ വ്യവസായങ്ങളും പുതിയതായി ആരംഭിക്കുന്നതിനു് ഈ ഗവണ്മെന്റിനും ഈ മന്ത്രിമാർക്കും മനസ്സില്ലാത്തതുകൊണ്ടാണു്. ചേർത്തലയിൽ ഒരു ഡിസ്റ്റിലറി സ്ഥാപിച്ചു പ്രവർത്തനം നടത്തിവരുന്നുണ്ടു്. അന്നു ഞങ്ങളും അധികാരത്തിലിരുന്നകാലത്താണു് അതു് അവിടെ സ്ഥാപിച്ചതു്. ഈ ഡിസ്റ്റിലറി സ്ഥാപിക്കാനാലോചിച്ചപ്പോഴും ഞാൻ അന്നു് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. നിങ്ങളുംക്കു് അതു ചേർത്തലയിൽ തുടങ്ങാമോ എന്നു്. എന്നാൽ അതിന്റെ പ്രവർത്തകന്മാർ പറഞ്ഞു കൊച്ചിയിൽ തുടങ്ങണമെന്നു്. ചേർത്തലെ വെള്ളമില്ലാ എന്നു് പറഞ്ഞു. ചേർത്തലെ തുടങ്ങിയില്ലെങ്കിൽ ലൈസൻസു കിട്ടുകയില്ല എന്നു കണ്ടപ്പോഴും അവരുടെ പബ്ലിക്ഹെൽത്തു് എൻജനീയർ വന്നു് അവിടത്തെ വെള്ളം പരിശോധന നടത്തി നല്ല വെള്ളമാണെന്നകണ്ടു. ഫാക്ടറി അവിടെത്തന്നെ സ്ഥാപിച്ചു. ഇന്നു് ഈ താലൂക്കുകളിൽ പുതിയ വ്യവസായം വരാഞ്ഞതു് ഗവണ്മെന്റിനു് നിർബന്ധമില്ലാഞ്ഞിട്ടാണു്. സ്പിന്നിംഗ് മിൽസിനു് ലൈസൻസിനു് അപേക്ഷിച്ചവരിൽ മൂന്നുനാലു പേരോടു ചേർത്തല, അമ്പലപ്പുഴ സ്ഥാപിച്ചാലെ ലൈസൻസു തരികയുള്ളു എന്ന നിർബന്ധം പിടിച്ചിരുന്നെങ്കിൽ വ്യവസായം വരുമായിരുന്നു. മന്ത്രിക്കുതന്നെ വ്യവസായം രാഷ്ട്രീയ സ്വാധീനത്തിൽ വേണ്ട സ്ഥലങ്ങളിൽ സ്ഥാപിക്കണം. അതുകൊണ്ടാണു് ആ നാട്ടിൽ വ്യവസായം വരാത്തതു്.

അതുപോലെതന്നെ മണലിഷ്ടിക ഫാക്ടറി, ശ്രീ. പാമ്പള്ളി ഗോവിന്ദമേനോനും മറ്റും കോട്ടയത്തു സ്ഥാപിക്കാനാണു് ശ്രമിച്ചതു്. ചേർത്തലനിന്നു മണൽകൊണ്ടുപോയി കോട്ടയത്തു അതു സ്ഥാപിക്കണമെന്നായിരുന്നു ആദ്യം തീരുമാനിച്ചതു്. എന്നാൽ Raw material സുലഭമായ സ്ഥലമായ ചേർത്തലയിൽതന്നെ ഞങ്ങളും സ്ഥാപിച്ചു, എന്തു തരക്കേടുവന്നു? (ബെൽ)

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

സർ, എനിക്ക നിശ്ചയിച്ചിരുന്ന സമയത്തിനുശേഷം, 5 മിനിട്ട കഴിഞ്ഞാണ് ഞാൻ തുടങ്ങിയതു്.

മി. സ്പീക്കർ: 2 മിനിട്ട കഴിഞ്ഞാണ് തുടങ്ങിയതു്.

ശ്രീമതി എ. നഫീസത്തു ബീവി: ഒരു ചോദ്യം.....

ശ്രീമതി കെ. ആർ. ഗൗരി: ചോദ്യം ഉണ്ടെങ്കിൽ മന്ത്രിയോട ചോദിച്ചാൽ മതി. നിയമം അങ്ങനെയാണ് ശാസിക്കുന്നതു്.

സർ, ഏതെങ്കിലും ഒരു വ്യവസായം നാട്ടിൽ തുടങ്ങണമെന്നു പറഞ്ഞാൽ, തൊഴിലാളികളും കൂലികൂട്ടൽ ആവശ്യപ്പെടും, അവകാശങ്ങൾക്കുവേണ്ടി സമരംചെയ്യുമെന്നു പറഞ്ഞു് കരുതിക്കൂട്ടി ഒരു സ്ഥലത്തു വ്യവസായം ആരംഭിക്കാതിരിക്കുന്നതു് ശരിയല്ല. അതു തൊഴിലാളികളോട ചെയ്യുന്ന കടുത്ത അനീതിയാണ്. ഈ ഗവണ്മെൻറു് വന്നതിനുശേഷം ഏതെങ്കിലും കാര്യമായ വ്യവസായം ചേത്തല, അമ്പലപ്പുഴ താലൂക്കുകളിൽ ആരംഭിച്ചിട്ടുണ്ടോ? ഒരു സ്പിന്നിംഗ്മിൽ ആരംഭിക്കുമെന്നു പറഞ്ഞിട്ടുണ്ടു്. മുൻപുണ്ടായിരുന്ന 50000 തൊഴിലാളികളിൽ ഇപ്പോഴും 10000 തൊഴിലാളികൾക്കേ അവിടെ പണിയുള്ള. 40000 തൊഴിലാളികളും പണിയില്ലാതെ വിഷമിക്കുകയാണ്. അതുപോലെ കയർവ്യവസായത്തിൽ മിനിമം വേജസു പോലും കിട്ടാതെ തൊഴിലുള്ളവർക്കുതന്നെ പലതരത്തിലുള്ള ബുദ്ധിമുട്ടുകളും നേരിടുന്നുണ്ടു്. കമ്മിറ്റി, സമയത്തു റിപ്പോർട്ടു സമർപ്പിക്കാത്തതുകൊണ്ടാണു തൊഴിലാളികൾക്കു വേണ്ടത്ര തൊഴിൽ നൽകാൻ സാധിക്കാത്തതെന്നു പറയുന്നു. ഞാൻ ഗവണ്മെൻറിനെ വെല്ലുവിളിക്കുകയാണ്, ആ താലൂക്കുകളിലെ തൊഴിൽരഹിതരായ ആളുകൾക്കു ആശ്വാസം നൽകുന്നതിനുവേണ്ടി ചില റിലീഫു് പ്രവർത്തനങ്ങൾക്കായി സംഘടിപ്പിച്ച കമ്മിറ്റി അവസാന റിപ്പോർട്ടു കൊടുത്തിട്ടു് രണ്ടു വർഷമായി—ഗവണ്മെൻറു് എന്തു ചെയ്തു. സാധാരണനിരക്കിൽ കഴിഞ്ഞു പുതിയ വർക്കു ഒന്നെങ്കിലും എടുത്തിട്ടുണ്ടോ? തോടുവെട്ടുന്നതിനും റോഡുവെട്ടുന്നതിനും മറ്റും ചില വർക്കുകൾ ഗവണ്മെൻറു സാങ്ഷൻ കിട്ടാതെ നടപ്പായിട്ടില്ലെന്നുള്ളതു വളരെ വ്യക്തമല്ലേ? ആ നാട്ടിലെ തൊഴിലാളികളോടു ഒരു പകപോക്കൽ എന്ന രീതിയിലല്ലേ ഈ നടപടി സ്വീകരിച്ചിട്ടുള്ളതു്? 1962-ൽ ചില പ്രത്യേക റിലീഫു് പ്രവർത്തനങ്ങൾക്കായി, തോടുവെട്ടുന്നതിനും, റോഡുണ്ടാക്കുന്നതിനും മറ്റും നിർദ്ദേശം ഉണ്ടായിട്ടും ആ നാട്ടുകാരായ തൊഴിലാളികളോടു പകപോക്കാനായി ഗവണ്മെൻറു കരുതിക്കൂട്ടി ആ വർക്കുകൾ തുടങ്ങാതിരുന്നിട്ടുള്ളതാണെന്ന ഒരു ഗൗരവതരമായ കുറ്റം ഈ ഗവണ്മെൻറിൽ ഞാൻ ആരോപിക്കുകയാണ്. പുതിയ വ്യവസായങ്ങൾ അവിടെ ആരംഭിക്കാത്തതും, മുൻപുണ്ടായിരുന്ന വ്യവസായങ്ങൾ തകർന്നുപോയിട്ടുള്ളതു പുനരാരംഭിക്കാതിരിക്കുന്നതും ഗവണ്മെൻറു ആ നാട്ടിലെ തൊഴിലാളികളോടു ചെയ്യുന്ന ദ്രോഹമാണെന്നു ഞാൻ കുറ്റപ്പെടുത്തുകയാണ്. ചിലർ വ്യവസായവകുപ്പിൻറെ ധനാഭ്യർത്ഥനയിൽ സംസാരിച്ചപ്പോൾ ആലപ്പുഴ സമൃദ്ധിയാണെന്നു പറയുന്നതു കേട്ടു. ആക്കാണ് സമൃദ്ധിയെന്നു ഞാൻ പറയുന്നില്ല. രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ ഏറ്റവും ധീരരായ തൊഴിലാളിവർഗ്ഗം ഉൾക്കൊള്ളുന്ന പ്രദേശം പട്ടിണിയുടേയും ദാരിദ്ര്യത്തിൻറേയും സാങ്കേതമായി മാറിക്കഴിഞ്ഞു. നിങ്ങളോടതിനു് തൊഴിലാളിവർഗ്ഗം പകരംചോദിക്കാതിരിക്കില്ല.

ശ്രീ. കെ. എ. ദാമോദരമേനോൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി കെ. ആർ. ഗൗരി ഈ ബഡ്ജറ്റു സെഷൻറെ അവസാനത്തെ അരമണിക്കൂർ സമയത്തെ ചർച്ചയിൽ എൻറെ നേരെ നിർഭയം വളരെ വിമർശനാസ്പദമായ തൊടുത്തു വിട്ടിരിക്കുകയാണ്. കയർ വ്യവസായത്തിൻറെ പതനത്തെക്കുറിച്ചും, അതു് ഉദ്ധരിക്കേണ്ട ആവശ്യകതയെക്കുറിച്ചും പല പ്രാവശ്യം ഇവിടെ ചർച്ച നടന്നിട്ടുള്ളതാണ്. ഞാൻ അതിനു കഴിവുള്ള വിധത്തിൽ സമാധാനവും പറഞ്ഞിട്ടുണ്ടു്. ആ സമാധാനം നമ്മുടെ ഇന്നത്തെ പരിതഃസ്ഥിതിയിൽ വളരെ തൃപ്തികരമായിരുന്നുവെന്നു എനിക്കുതന്നെ വിശ്വാസമില്ല. തൃപ്തികര

LIBRARY ARCHIVES Kerala Legislative Assembly

മാകണമെങ്കിൽ, കയർവ്യവസായത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളെ ക്കൊക്കെ ശ്രീമതി കെ. ആർ. ഗൗരി പറഞ്ഞതുപോലെ തൊഴിൽകൊടുക്കാൻ കഴിയണം. അതിനു കഴിഞ്ഞിട്ടില്ല. എല്ലാവർക്കും തൊഴിൽകൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. കുറെപ്പേർക്കൊക്കെ തൊഴിൽ കൊടുത്തിട്ടുണ്ട്. എത്രപേർക്ക് എവിടെയെല്ലാം തൊഴിൽ കൊടുത്തിട്ടുണ്ടെന്നു ചോദിച്ചാൽ ഉടനെ പറയാൻ പ്രയാസമായിരിക്കും. കേരളത്തിൽ, ഇൻഡസ്ട്രിയൽ കോവാപ്പറേറ്റീവ് സൊസൈറ്റികളും തുടങ്ങിയിട്ടുണ്ട്. കയർ വ്യവസായത്തിനും അത്തരം സൊസൈറ്റികളും സംഘടിപ്പിച്ചിട്ടുണ്ട്. അവയുടെ പ്രവർത്തനംമൂലമുള്ള കണക്കുകൾവച്ചു നോക്കിയാൽ അനുമാനിക്കാവുന്നതു ഇവിടെനിന്നു കയററി അയയ്ക്കപ്പെടുന്ന കയർ ഉല്പന്നങ്ങളുടെ കാളിററിയും, വ്യാപാരവും വർദ്ധിച്ചിട്ടുണ്ടെന്നാണ്. മുൻപുണ്ടായിരുന്നതിനേക്കാൾ വ്യാപാരം കൂടുതലായി നടന്നിട്ടുണ്ടെന്നു കാണുന്നതിൽനിന്ന് ഈ രംഗത്തു കുറെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നുവേണം വിശ്വസിക്കുവാൻ. എന്നാൽ, ഇന്നു പല ഫാക്ടറികളും അടച്ചുപൂട്ടിയിരിക്കുകയാണെന്നുള്ളതും ഒരു പരമാർത്ഥമാണ്. അതുകൊണ്ട് ഈ രംഗത്തു പുരോഗതി ഉണ്ടായിട്ടുണ്ടെന്നു പറയുന്നതു അതേപടി വിശ്വസിക്കാൻ കുറെ വൈമനസ്യം കാണും, അതു സ്വാഭാവികവുമാണ്. അതോടൊപ്പം, ശ്രീമതി കെ. ആർ ഗൗരി ആ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു വനിതാമെമ്പറാണ്. ആ നിയോജക മണ്ഡലത്തിലെ ആളുകളെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് ഈ ഘട്ടത്തിൽ, പ്രാദേശികാവശ്യങ്ങൾക്കുവേണ്ടി വീറോടും, ആവേശത്തോടും വാദിച്ചാൽ, അതിനുവേണ്ടി കഴിയുന്നത്ര പരിശ്രമിക്കുന്നുണ്ട് എന്നു അവർക്കു ബോധ്യം വരുത്തിയാൽ അതു തീർച്ചയായിട്ടും നല്ല ഒരു കാര്യമാണ്. ആ നിലയിൽ ഞാൻ പറയുന്ന കാര്യങ്ങളും, അടിസ്ഥാനപരമായി തെറ്റാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നതിൽ അൽഭുതമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ആ നാട്ടിലെ കാര്യങ്ങളും ഞാൻ പറയുന്നതു തെറ്റാണെങ്കിൽ ആ നാട്ടിലെ ജനങ്ങളും അതു തീരുമാനിച്ചു കൊള്ളുമല്ലൊ; നേരേമറിച്ചു മന്ത്രി പറയുന്നതു് ശരിയോ തെറ്റോ എന്നും അവർ നിശ്ചയിച്ചു കൊള്ളും.

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ചോദിക്കാൻ ആരംഭിച്ചപ്പോൾ ഞാൻ യീൽഡുചെയ്തതാണ്. ഇനി യീൽഡുചെയ്യണമെന്നു വിചാരിക്കുന്നില്ല.

സർ, അവിടെ മാനുഫാക്ചറിംഗ് സെക്ഷനിൽ ചില വലിയ സ്ഥാപനങ്ങളും പൂട്ടിയിട്ടപ്പോൾ തൊഴിലാളികളും വലിയ പ്രക്ഷോഭണം ഉണ്ടാക്കിയതിന്റെ അടിസ്ഥാനത്തിൽ, അതിനു പരിഹാരം ഉണ്ടാക്കാൻ ഒരു യോഗം കൂടി ചർച്ച നടത്തി, പരിഹാരാർത്ഥം രണ്ടുമൂന്നു കമ്മിറ്റികളും സംഘടിപ്പിക്കപ്പെട്ടു. അതിനെ സംബന്ധിച്ചു ഉണ്ടായ ചോദ്യത്തിന്റെ ഉത്തരത്തിനെ അടിസ്ഥാനമാക്കിയാണ് ഇപ്പോൾ ഈ ആരോപണം ഉണ്ടായിരിക്കുന്നതു്. ആ കമ്മിറ്റിയിലെ ഒരു മെമ്പറെക്കുറിച്ചു ഞാൻ ഇവിടെ നടത്തിയ പ്രസ്താവന ശ്രീമതി കെ.ആർ. ഗൗരിക്കു കുറച്ചു ദേഷ്യം ഉണ്ടാക്കിത്തീർത്തു. അതു വരാവുന്നതാണ്. ആ കമ്മിറ്റി എന്തിനുവേണ്ടിയാണ് സംഘടിപ്പിച്ചതെന്നു വ്യക്തമാക്കാം.

A Committee to study the problems relating to the stabilisation and development of the factory sector of Coir industry.

ഈ പ്രശ്നത്തിന്റെ യഥാർത്ഥത്തിലുള്ള അടിത്തറ ഈ കമ്മിറ്റിയാണ്. വളരെ പരിചയമുള്ളയാളും, ഒരു മുൻമന്ത്രിയുമായ ശ്രീ. ടി. വി. തോമസ്സായിരുന്നു അതിലെ ഒരംഗം. ആ കമ്മിറ്റി 16–7–1962-ൽ ഒരു യോഗംകൂടി അന്നു് പല പ്രശ്നങ്ങളെക്കുറിച്ചും വിശദമായ ചർച്ച നടത്തി, ഞാൻ അതിൽ ഉണ്ടായിരുന്നില്ല. ശ്രീ. ടി. വി. തോമസ് അന്നു് അഭിപ്രായപ്പെട്ടു, ഒരു സെൻട്രൽ എക്സ്പോർട്ടിംഗ് ഏജൻസി ഉണ്ടാക്കുന്ന കാര്യം ആലോചിക്കണമെന്നു്, അതുകൊണ്ടു കുറെ പ്രയോജനം ഉണ്ടാകുമെന്നുള്ള അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നു,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

A Central Export Agency which might be a voluntary organisation with the scope of full play for individual incentive.

ചേർത്തല, അമ്പലപ്പുഴ പ്രദേശങ്ങളിലെ ചില കമ്പനികളും പൂട്ടിയിട്ടിരിക്കുകയാണെന്നും, അതു തുറന്നു ആദായകരമായി പ്രവർത്തിക്കാനുള്ള നടപടികളും സ്വീകരിക്കണമെന്നും ശ്രീമതി കെ. ആർ. ഗൗരി പറഞ്ഞു. ശ്രീ. ടി. വി തോമസിന്റെ നിർദ്ദേശാനുസരണം, ഒരു സെൻട്രൽ എക്സ്പോർട്ടിംഗ് ഏജൻസി ഉണ്ടാക്കി പ്രവർത്തിച്ചാൽ പ്രയോജനമുണ്ടാകുമെന്നു കരുതുന്നു. എന്നാൽ അതുസംബന്ധിച്ചു റിപ്പോർട്ടു ഗവണ്മെന്റിനു കിട്ടിയിരുന്നെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കാമായിരുന്നു. ദൗർഭാഗ്യവശാൽ, അദ്ദേഹം ഇതുവരെ റിപ്പോർട്ടു സമർപ്പിച്ചിട്ടില്ല. ഒരുപക്ഷേ, ഈവക കാര്യങ്ങളെ സംബന്ധിച്ചു പെട്ടെന്നു പരിഹാരം ഉണ്ടാക്കാൻ നിർദ്ദേശം നൽകാൻ കഴിയുമെങ്കിലും പ്രായോഗികമായി കാര്യങ്ങളും കൈകാര്യംചെയ്യുമ്പോൾ പല ബുദ്ധിമുട്ടുകളും ഉണ്ടാകുമെന്നുള്ളതു മനസ്സിലാക്കിയിട്ടായിരിക്കും അദ്ദേഹം സദുദ്ദേശത്തോടുകൂടി റിപ്പോർട്ടു സമർപ്പിക്കാതിരിക്കുന്നതെന്നും ഞാൻ സംശയിക്കുകയാണു്. ഇനിയും കാലതാമസം വരുത്താതെ അദ്ദേഹം റിപ്പോർട്ടു സമർപ്പിക്കാൻ തയ്യാറാകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെപേരിൽ തെറ്റിദ്ധാരണ പരത്താൻ ശ്രീമതി കെ. ആർ. ഗൗരി ശ്രമിക്കുന്നതെന്നേ അഭ്യർത്ഥനയുള്ളൂ. ഇതാണു് വസ്തുത. ബഹുമാനപ്പെട്ട മെമ്പർ, ഈ റിപ്പോർട്ടു സമർപ്പിക്കാൻ ശ്രീ. ടി. വി. തോമസിനെ പ്രേരിപ്പിക്കണമെന്നുകൂടി പറയാൻ മുഖ്യമന്ത്രി എന്നോടാവശ്യപ്പെട്ടകയാണു്. അങ്ങനെ ചെയ്യുമെന്നു വിശ്വസിക്കട്ടെ.

ശ്രീമതി കെ. ആർ. ഗൗരിയും മറ്റും മന്ത്രിസഭയിലുണ്ടായിരുന്നപ്പോഴും, തൊഴിലാളികളുടെ വ്യവസായ സൊസൈറ്റികളും സംഘടിപ്പിച്ചു പ്രവർത്തിച്ചിരുന്നു എന്നു പറഞ്ഞു. പക്ഷപാതപരമായി ഇപ്പോഴും അവിടത്തെ തൊഴിലാളികളോടു പെരുമാറുന്നു എന്നു പറയുന്നതു ശരിയല്ല. രണ്ടു വ്യവസായ സ്ഥാപനങ്ങളും പുതുതായി അവിടെ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടു്. 25000 സ്പിൻഡിലുകളോടുകൂടി ഒരു സ്പിന്നിംഗ് മില്ലു തുടങ്ങണമെന്നു വിചാരിക്കുന്നു. അങ്ങനെ കുറെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കും. വളരെ അധികം ആത്മാർത്ഥതയോടുകൂടിത്തന്നെ ആ പ്രദേശത്തെ വ്യാവസായികമായി ഉദ്ധരിക്കാനുള്ള ശ്രമം നടത്തുന്നുണ്ടു്. ശ്രീ. ടി. വി. തോമസിന്റെ റിപ്പോർട്ടു ഗവണ്മെൻറിനു കിട്ടിയതിനുശേഷം കാര്യമായി നടപടികളും പുരോഗമിക്കുന്നതാണു്. അവിടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റു തുടങ്ങാനുള്ള ശ്രമവും നടക്കുന്നുണ്ടു്. അതുപോലെതന്നെ കയർവ്യവസായത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടി മെക്കനൈസേഷൻ ഇൻ മാറ്റിംഗ് സെക്ഷൻ ഉണ്ടാക്കാൻ ശ്രമം നടന്നുവരികയാണു്. ഇങ്ങനെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കുറേയൊക്കെ ശ്രമിച്ചിട്ടുണ്ടു്, ശ്രമം നടന്നുകൊണ്ടിരിക്കുകയുമാണു്. അതിനു വേണ്ടി ഗവണ്മെൻറു ചെയ്യുന്ന എല്ലാ പരിശ്രമങ്ങളിലും ബഹുമാനപ്പെട്ട എല്ലാ വിഭാഗം മെമ്പറന്മാരുടെയും സഹായ സഹകരണങ്ങളും വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണു്. നാം ഇവിടെ അന്യോന്യം കുറ്റംപറഞ്ഞു തള്ളിച്ചതുകൊണ്ടു കാര്യമില്ല. ഇതു് അനേകായിരം ആളുകളുടെ ജീവിതത്തെ സ്പർശിക്കുന്ന കാര്യമാണു്. തൊഴിലാളികൾക്കു തൊഴിൽ നൽകണം, അവരുടെ വരുമാനം വർദ്ധിപ്പിക്കണം, അങ്ങനെ രാജ്യത്തു് പൊതുവേ അഭിവൃദ്ധി ഉണ്ടാക്കണമെന്നുള്ളതു് ഒരു പൊതുവായ ആവശ്യമാണു്. അതിനുവേണ്ടി എല്ലാവരും, സഹകരിച്ചു മുമ്പോട്ടുപോകേണ്ടിയിരിക്കുന്നു.

സർ, റിലീഫ് പ്രവർത്തനങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. കുറെയൊക്കെ അതു സംബന്ധിച്ചു ചെയ്തിട്ടുണ്ടു്; വളരെയൊന്നും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നു പറയുന്നില്ല. ഭീമമായ ഒരു തുക, 42 ലക്ഷം രൂപ ചെലവുവരുന്ന ചില പദ്ധതികളും പി. ഡബ്ലിയു. വകുപ്പിൽനിന്നു് അവിടത്തെ റിലീഫ് പ്രവർത്തനങ്ങൾക്കായി ശുപാർശചെയ്തു അയച്ചിട്ടുണ്ടു്. അതനുസരിച്ചു് എല്ലാം നടത്താമെന്നു ഇന്നത്തെ സാമ്പത്തിക നിലവച്ചുനോക്കുമ്പോൾ ഉറപ്പുതരാൻ

LIBRARY ARCHIVES Kerala Legislative Assembly

നിവ്വാഹമില്ല. ധനകാര്യമന്ത്രി അടുത്തിരിക്കുകയാണു്. ബഡ്ജറിൽ അനുവദിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ അത്യാവശ്യമുള്ള റിലീഫു് പ്രവൃത്തനങ്ങളം നടത്താമെന്നല്ലാതെ ഈ കാര്യത്തിൽ കൂടുതലായി ഇപ്പോളം ഒന്നും ചെയ്യാൻ സാധിക്കുമെന്നു തോന്നുന്നില്ല. നാം ബഡ്ജറു പാസ്സാക്കി കഴിഞ്ഞിട്ടുണ്ടു്. ഈ ആവശ്യത്തിനുവേണ്ടി പ്രൊവൈഡ്ചെയ്തിട്ടുള്ള തുക വളരെ കുറവാണെന്നു കാണാൻ കഴിയും. ഈ കാര്യം മനസ്സിലാക്കണമെന്നു മാത്രമെ ഈ അവസരത്തിൽ പറയാനുള്ളു.

പിന്നെ, അവിടെ എന്തെല്ലാം വ്യവസായങ്ങളം സ്ഥാപിക്കാൻ സാധിക്കുമെന്നു പരിശോധിക്കുന്നുണ്ടു്. അവിടെ ഒരു ഷീറു ഗ്ലാസു ഫാക്ടറി ആരംഭിക്കുന്നതിനുള്ള ലൈസൻസു കിട്ടിയിട്ടുണ്ടു്. അങ്ങനെ ആ പ്രദേശത്തു വൻകിട വ്യാവസായങ്ങളം ആരംഭിക്കുന്നതിനും, കയർ വ്യവസായങ്ങളം പുനരുദ്ധരിക്കുന്നതിനും കയർ വ്യവസായത്തിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്കു മറ്റുരംഗങ്ങളിൽ ജോലി നൽകുന്നതിനും ഗവണ്മെൻറു പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്. അതിനുള്ള നടപടികളം എടുത്തുവരികയാണു്. സർ, ചേർത്തല, അമ്പലപ്പുഴ പ്രദേശങ്ങളിൽ ഇന്നു നേരിട്ടിരിക്കുന്ന സാമ്പത്തിക തകർച്ചയെയും, തൊഴിലില്ലായ്മയെയും സംബന്ധിച്ചു് ഈ ഗവണ്മെൻറു് അനുഭാവപൂർവ്വം പെരുമാറുന്നില്ല, പരിശ്രമിക്കുന്നില്ല എന്ന തെറ്റിദ്ധാരണ സാധാരണ ജനങ്ങളിൽ ഉണ്ടാക്കാതിരിക്കാൻ ശ്രീമതി ഗൗരിയും, മറ്റുള്ളവരും പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിക്കുന്നു. സർ, ഇങ്ങനെ ഈ ചർച്ച അവസാനിപ്പിക്കണമെന്നു പേക്ഷിക്കുന്നു.

Mr. Speaker: Smt. Nafeesath Beevi wants to put some questions. Now the Member can ask the questions.

ശ്രീമതി എ. നഫീസത്തുബീവി: സർ, ശ്രീ. ടി. വി. തോമസ് ആലപ്പുഴക്കാരനാണു്. അദ്ദേഹത്തിന്റെ കഴിവുള്ള ഭാര്യയായ ശ്രീമതി കെ. ആർ. ഗൗരി, അദ്ദേഹത്തിന്റെ തൊഴിൽരംഗത്തെ പ്രവൃത്തനങ്ങളെപ്പറ്റി, ഒരു കമ്മിറ്റിയിലെ പ്രവൃത്തനത്തെപ്പറ്റി ഇവിടെ പറഞ്ഞതു സത്യമല്ല എന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എ. ഐ. ടി. യു. സി സംഘടിപ്പിച്ച പ്രക്ഷോഭണത്തിന്റെയും മറ്റും ഫലമായിട്ടാണു് കമ്മിറ്റി രൂപവൽക്കരിച്ചതെന്നു പറഞ്ഞു. ഐ. എൻ. ടി.യു. സി.യുടെ നേതാക്കന്മാർ അതിനു മുൻപുതന്നെ, 1960–ൽതന്നെ ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും, നിരാഹാര സത്യാഗ്രഹംവരെ അനുഷ്ഠിക്കുകയുംചെയ്തതിന്റെ വെളിച്ചത്തിലാണു അങ്ങനെയൊരു കമ്മിറ്റി സംഘടിപ്പിച്ചതെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞു.

Mr. Speaker : Order, Order. The schedule of Business for the present Session of the Assembly has been completed. Therefore, there will be no meeting of the Assembly tomorrow. The House will now adjourn sine die.

The House adjourned sine die at 1 p. m.

2/2099/V.

LIBRARY ARCHIVES Kerala Legislative Assembly

KERALA LEGISLATURE SECRETARIAT

NOTIFICATION

No. 6822-LA. 1/63. *Dated, Trivandrum, 4th April* 1964.

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the First Session in 1964 of the Kerala Legislative Assembly with effect from the 2nd April 1964.

ഭേദഗതി വരുത്തപ്പെട്ട ഇൻഡ്യൻ ഭരണഘടന 174-ാം വകുപ്പ് 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരളസംസ്ഥാന ഗവർണ്ണർ കേരള നിയമസഭയുടെ 1964-ലെ പ്രഥമ സമ്മേളനം 1964 ഏപ്രിൽ 2-ാം തീയതി മുതൽ ഇതിനാൽ സമാപിപ്പിക്കുന്നു.

By order of the Governor,
D. TIRUMALAI,
Secretary,
Legislative Assembly.

Legislature Secretariat,
Trivandrum.

LIBRARY ARCHIVES Kerala Legislative Assembly